എ.വൈ.ആർ

സൂറ-11

# ഹൂദ്

أُوْلَٰٓئِكَ لَمْ يَكُونُوا۟ مُعْجِزِينَ فِى ٱلْأَرْضِ وَمَا كَانَ لَهُم مِّن
دُونِ ٱللَّهِ مِنْ أَوْلِيَآءَ ۘ يُضَٰعَفُ لَهُمُ ٱلْعَذَابُ ۚ مَا كَانُوا۟ يَسْتَطِيعُونَ
ٱلسَّمْعَ وَمَا كَانُوا۟ يُبْصِرُونَ ﴿٢٠﴾

20 ഭൂമിയിൽ അല്ലാഹുവിനെ തോൽപിക്കാൻ അവരായിട്ടില്ല; അല്ലാഹുവല്ലാത്ത രക്ഷകരാരും അവർക്കൊട്ട് ഉണ്ടായിട്ടുമില്ല. അവർക്കുള്ള ശിക്ഷ ഇരട്ടിക്കപ്പെടുന്നതാകുന്നു. ഈ ലോകത്ത് സത്യം കേൾക്കാൻ അവർക്ക് സാധിച്ചിരുന്നില്ല; കാണുന്നുമുണ്ടായിരുന്നില്ല.

أُوْلَٰٓئِكَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٢١﴾

21 അക്കൂട്ടരത്രെ സ്വയം നഷ്ടത്തിലകപ്പെടുത്തിയ ജനം. തങ്ങൾ കെട്ടിച്ചമച്ചതൊക്കെയും അവരിൽനിന്ന് അകന്നുപോയിരിക്കുന്നു.

لَا جَرَمَ أَنَّهُمْ فِى ٱلْءَاخِرَةِ هُمُ ٱلْأَخْسَرُونَ ﴿٢٢﴾

22 അവർ തന്നെയാകുന്നു പരലോകത്ത് ഏറ്റം നഷ്ടം നേരിടുന്നവർ, തീർച്ച!

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَأَخْبَتُوٓا۟ إِلَىٰ رَبِّهِمْ
أُوْلَٰٓئِكَ أَصْحَٰبُ ٱلْجَنَّةِ ۖ هُمْ فِيهَا خَٰلِدُونَ ﴿٢٣﴾

**23** എന്നാൽ സത്യവിശ്വാസം കൈക്കൊള്ളുകയും സൽകർമങ്ങളാചരിക്കുകയും വിധാതാവിനോട് വിനയമുള്ളവരായി വർത്തിക്കുകയും ചെയ്തവരുണ്ടല്ലോ, അക്കൂട്ടർ സ്വർഗാവകാശികളാകുന്നു. അതിൽ നിത്യവാസികളാകുന്നു.

۞مَثَلُ ٱلْفَرِيقَيْنِ كَٱلْأَعْمَىٰ وَٱلْأَصَمِّ وَٱلْبَصِيرِ وَٱلسَّمِيعِ ۚ هَلْ يَسْتَوِيَانِ مَثَلًا ۚ أَفَلَا تَذَكَّرُونَ ﴿٢٤﴾

**24** ഈ രണ്ടു കക്ഷിയുടെ ഉദാഹരണം, കാഴ്ചയും കേൾവിയും ഇല്ലാത്തവനെയും അതുരണ്ടും ഉള്ളവനെയും പോലെയാകുന്നു. ഈ രണ്ടുപേരും തുല്യരാകുമോ?! നിങ്ങൾ ആലോചിച്ചു നോക്കുന്നില്ലേ?

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ إِنِّى لَكُمْ نَذِيرٌ مُّبِينٌ ﴿٢٥﴾

**25** നൂഹിനെ നാം അദ്ദേഹത്തിന്റെ ജനത്തിലേക്ക് ദൂതനായി അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം അവരെ പ്രബോധനം ചെയ്തു; ഞാൻ നിങ്ങളിലേക്ക് ദൈവത്താൽ നിയുക്തനായ തെളിഞ്ഞ മുന്നറിയിപ്പുകാരനാകുന്നു.

أَن لَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ أَلِيمٍ ﴿٢٦﴾

**26** എന്തെന്നാൽ, അല്ലാഹുവിന്നല്ലാതെ വഴിപ്പെടാതിരിക്കുവിൻ. ഇല്ലെങ്കിൽ ഒരുനാൾ വേദനയേറിയ ദൈവശിക്ഷ നിങ്ങൾക്കു ഭവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

أُو۟لَـٰٓئِكَ= അവർ لَمْ يَكُونُوا۟= അവർ ആയിട്ടില്ല

مُعْجِزِينَ= കഴിവില്ലാതാക്കുന്നവർ, തോൽപിക്കുന്നവർ (തോൽപിക്കാൻ)

فِى ٱلْأَرْضِ= ഭൂമിയിൽ وَمَا كَانَ= ഉണ്ടായിട്ടില്ല لَهُم= അവർക്ക്

مِّن دُونِ ٱللَّهِ= (അല്ലാഹു അല്ലാത്ത) അല്ലാഹുവിനെകൂടാതെ

مِنْ أَوْلِيَآءَ= (രക്ഷകരാരും) രക്ഷകന്മാരിൽനിന്ന് يُضَـٰعَفُ= ഇരട്ടിക്കപ്പെടുന്നതാകുന്നു

لَهُمُ= (ഉള്ള) അവർക്ക് ٱلْعَذَابُ= ശിക്ഷ

مَا كَانُوا۟ يَسْتَطِيعُونَ= (ഇഹലോകത്ത്) അവർക്ക് സാധിച്ചിരുന്നില്ല

ٱلسَّمْعَ= കേൾ(ക്കാൻ)വി

وَمَا كَانُوا۟ يُبْصِرُونَ= അവർ(സത്യം) കാണുന്നുമുണ്ടായിരുന്നില്ല

أُو۟لَـٰٓئِكَ= അക്കൂട്ടരത്രെ ٱلَّذِينَ خَسِرُوٓا۟= നഷ്ടപ്പെടുത്തിയ(ജനം)വർ

أَنفُسَهُمْ= (സ്വയം) അവരെത്തന്നെ وَضَلَّ= വഴിമാറി, അകന്നുപോയി, അപ്രത്യക്ഷമായി

عَنْهُم= അവരിൽനിന്ന്

مَّا كَانُواْ يَفۡتَرُونَ= അവർ കെട്ടിച്ചമച്ചിരുന്നത് ഒക്കെയും

لَا جَرَمَ= തീർച്ച أَنَّهُمۡ= എന്തെന്നാൽ അവർ فِى ٱلۡأَخِرَةِ= പരലോകത്തിൽ

هُمُ ٱلۡأَخۡسَرُونَ= ഏറ്റം നഷ്ടം നേരിടുന്നവർ തന്നെയാകുന്നു

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ= (എന്നാൽ) സത്യവിശ്വാസം

കൈക്കൊള്ളുകയും സൽകർമങ്ങളാചരിക്കുകയും

وَأَخۡبَتُوٓاْ إِلَىٰ رَبِّهِمۡ= അവരുടെ വിധാതാവിനോട്

വിനയമുള്ളവരായി വർത്തിക്കുകയും ചെയ്തവർ(ഉണ്ടല്ലോ)

أُوْلَٰٓئِكَ= അക്കൂട്ടർ أَصۡحَٰبُ ٱلۡجَنَّةِۖ= സ്വർഗാവകാശികളാകുന്നു

هُمۡ= അവർ فِيهَا= അതിൽ خَٰلِدُونَ= നിത്യവാസികളാകുന്നു

مَثَلُ ٱلۡفَرِيقَيۡنِ= (ഈ) രണ്ടുവിഭാഗത്തിന്റെ, കക്ഷിയുടെ ഉദാഹരണം

كَٱلۡأَعۡمَىٰ وَٱلۡأَصَمِّ= അന്ധനെയും ബധിരനെയും പോലെയും (കാഴ്ചയും

കേൾവിയും ഇല്ലാത്തവനെയും)

وَٱلۡبَصِيرِ وَٱلسَّمِيعِۚ= കാഴ്ചയും കേൾവിയും ഉള്ളവനെയും പോലെയുമാകുന്നു

(അതുരണ്ടും ഉള്ളവനെയും പോലെയാകുന്നു)

هَلۡ يَسۡتَوِيَانِ= ഈ രണ്ടുപേർ സമന്മാരാകുമോ مَثَلًا= ഉദാഹരണത്താൽ

أَفَلَا تَذَكَّرُونَ= നിങ്ങൾ ഓർക്കുന്നില്ലേ (ആലോചിച്ചു നോക്കുന്നില്ലേ)

وَلَقَدۡ أَرۡسَلۡنَا= തീർച്ചയായും നാം ദൂതനായി അയച്ചിട്ടുണ്ടായിരുന്നു نُوحًا= നൂഹിനെ

إِلَىٰ قَوۡمِهِۦٓ= അദ്ദേഹത്തിന്റെ ജനത്തിലേക്ക്

إِنِّى لَكُمۡ نَذِيرٌ= എന്തെന്നാൽ ഞാൻ (അദ്ദേഹം അവരെ പ്രബോധനം ചെയ്തു)

നിങ്ങൾ(ളിലേ)ക്ക് (നിയുക്തനായ) മുന്നറിയിപ്പുകാരനാകുന്നു

مُّبِينٌ= തെളിഞ്ഞ, വ്യക്തമായ أَن لَّا تَعۡبُدُوٓاْ= വഴിപ്പെടാതിരിക്കുവിൻ

إِلَّا ٱللَّهَۖ= അല്ലാഹുവിന്നല്ലാതെ

إِنِّىٓ أَخَافُ عَلَيۡكُمۡ= നിങ്ങളുടെമേൽ ഞാൻ ഭയപ്പെടുന്നു

عَذَابَ يَوۡمٍ= ഒരു നാ(ൾ)ളിന്റെ ദൈവശിക്ഷ أَلِيمٍ= വേദനയേറിയ

**20:** ഈ ലോകത്ത് ദൈവത്തെ ധിക്കരിക്കുകയും അധർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ട് യാതൊരു ശിക്ഷക്കും വിധേയരാകാത്തത് ദൈവത്തിന് തങ്ങളെ ശിക്ഷിക്കാൻ കഴിവില്ലാത്തതുകൊണ്ടാണെന്നും, അധർമങ്ങളിലൂടെയും അനീതികളിലൂടെയും ഭൗതിക നേട്ടങ്ങൾ കൊയ്തുകൊണ്ടിരിക്കുക വഴി ദൈവത്തെ തങ്ങൾ മറികടക്കുകയോ തോൽപിക്കുകയോ ചെയ്തിരിക്കുന്നുവെന്നുമൊക്കെ ഇന്ന് ഇക്കൂട്ടർ കരുതുന്നുണ്ട്. സാക്ഷാൽ ദൈവത്തെ കൂടാതെ തങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന വിഗ്രഹ

ങ്ങളും പുണ്യാത്മാക്കളും ഒക്കെയായ രക്ഷകന്മാരുടെ ഊറ്റം കൊണ്ടാണിത് സാധിക്കുന്നതെന്നും, ഇനി മരണാനന്തരം ഒരു ഉയിർത്തെഴുന്നേൽപുണ്ടെങ്കിൽ അവിടെയും ഈ ദൈവങ്ങൾ തങ്ങളുടെ രക്ഷക്കെത്തുമെന്നുമാണ് അവരുടെ നിലപാട്. ഇതെല്ലാം കേവലം മൂഢധാരണകളാണ്. ഈ ലോകത്ത് ധിക്കാരികളും അധർമകാരികളും ഉടനെ ശിക്ഷിക്കപ്പെടുന്നില്ലെങ്കിൽ, അത് അല്ലാഹു അവർക്ക് കൂടുതൽ അവസരം നൽകുന്നതുകൊണ്ട് മാത്രമാണ്. വിശ്വാസങ്ങളും ആചാരങ്ങളും സ്വയം പരിശോധിച്ചു തിരുത്താനും ജീവിതം സംസ്കരിക്കാനുമുള്ള സാവകാശം നൽകുകയുമാണത്. ഈ അവസരം സ്വയം വീണ്ടെടുപ്പിന് പ്രയോജനപ്പെടുത്താത്തവർ പാപകൃത്യങ്ങൾ വർധിപ്പിച്ചുകൊണ്ട് തങ്ങളുടെ ശിക്ഷാർഹത ദൃഢീകരിക്കുകയും മാപ്പിനും പാപമോചനത്തിനുമുള്ള അർഹത പൂർണമായി നഷ്ടപ്പെടുത്തുകയുമാണ്. ഇതല്ലാതെ, അവരാരാധിക്കുന്ന ബഹുദൈവങ്ങളുടെ ഊറ്റം കൊണ്ടോ സ്വന്തം സാമർഥ്യം കൊണ്ടോ അവർ അല്ലാഹുവിനെ തോൽപിക്കുകയല്ല. ഈ ലോകത്തോ മറുലോകത്തോ അല്ലാഹുവല്ലാത്ത രക്ഷകരാരും അവർക്കില്ലതാനും.

ഈ ലോകത്ത് ശിക്ഷിക്കപ്പെടാത്തവർക്ക് പരലോകത്ത് അർഹിക്കുന്ന ശിക്ഷ പൂർണമായിത്തന്നെ ലഭിക്കും. ജനങ്ങളെ ദൈവവഴിയിൽനിന്ന് വ്യതിചലിപ്പിച്ചവർക്കും യഥാർഥ ദൈവിക മാർഗത്തെ സ്വന്തം താൽപര്യങ്ങൾക്കും ഇഛക്കുമനുസരിച്ച് വളച്ചൊടിക്കാൻ ശ്രമിച്ചവർക്കും ഇരട്ടി ശിക്ഷയാണ് ലഭിക്കുക. സ്വയം ഇരുട്ടിനെ വരിച്ചതിനു പുറമെ മറ്റുള്ളവരെ ഇരുട്ടിലേക്ക് തള്ളിവിടുകയും ചെയ്തവരാണവർ. അന്ധവിശ്വാസത്തിന്റെയും അഹന്തയുടെയും പ്രേരണയാൽ പ്രവാചക സന്ദേശങ്ങൾ കേൾക്കാനേ തയാറാവാതെയും, ഭൗതിക പ്രമത്തതയാകുന്ന ആന്ധ്യം മൂലം ചുറ്റും നിറഞ്ഞുകിടക്കുന്ന സത്യത്തിന്റെ ദൃഷ്ടാന്തങ്ങൾ കാണാൻ ഭാഗ്യമില്ലാതെയും പോയവർ എന്നാണ് مَا كَانُوا۟ يَسْتَطِيعُونَ ٱلسَّمْعَ وَمَا كَانُوا۟ يُبْصِرُونَ എന്ന വാക്യത്തിന്റെ താൽപര്യം. ഇവിടെ ഉദ്ദേശിക്കുന്നത് മാംസ ദൃഷ്ടിയുടെയും കാതിന്റെയും, കാഴ്ചയും കേൾവിയുമല്ല; മനസ്സിന്റെ കാഴ്ചയും കേൾവിയുമാണ്.

**21,22:** മുൻ സൂക്തങ്ങളിൽ പറഞ്ഞ വിധത്തിൽ, അല്ലാഹുഅല്ലാത്തവരിൽ പ്രതീക്ഷയർപ്പിച്ച് ധർമാധർമ വിചാരമില്ലാതെ ജീവിതം ഭൗതിക സുഖങ്ങളുടെ പിമ്പേ പായുന്നതിൽ പരിമിതപ്പെടുത്തിയവർ സ്പഷ്ടമായും അവരുടെ നൈസർഗിക യോഗ്യതകളെ പാഴാക്കിക്കളഞ്ഞവരാണ്. അതുവഴി സ്വകരങ്ങളാൽ തന്നെ തങ്ങളെ നശിപ്പിക്കുകയാണവർ ചെയ്തത്. അവർ പ്രതീക്ഷയർപ്പിച്ച രക്ഷകരോ ശിപാർശകരോ ഒരിക്കലും അവശ്യ ഘട്ടത്തിൽ അവരെ സഹായിക്കാനെത്തുകയില്ല. അല്ലാഹുവിനെ കൂടാതുള്ള ദൈവങ്ങളായി സങ്കൽപിച്ച് ആരാധിക്കപ്പെട്ടവരൊക്കെയും കേവലം മിഥ്യകളായിരുന്നുവെന്ന് അവിടെ സ്ഥിരപ്പെടുന്നു. പരലോകത്ത് ഏറ്റം പരാജിതരാകുന്നവർ ഈ വിധം ബുദ്ധിയും ഉൾക്കാഴ്ചയും വിലക്കപ്പെട്ടവർ തന്നെ ആയിരിക്കുക അനിവാര്യമാണ്. جَرَمَയുടെ ഭാഷാർഥം കുറ്റം ചെയ്തു എന്നും, അസ്ഥിയിൽനിന്ന് മാംസം വേർപെടുത്തി എന്നുമാണ്. പക്ഷേ, لَا جَرَمَ എന്ന വാക്ക് لا بد (അനിവാര്യമാകുന്നു) എന്ന പ്രയോഗത്തിന്റെ അർഥത്തിലുള്ള മറ്റൊരു പ്രയോഗമാണ്. സ്രഷ്ടാവിനെ വെടിഞ്ഞ് സൃഷ്ടിയെ ആരാധിച്ചവർ അഥവാ ദൈവത്തെ ധിക്കരിച്ച് പിശാചിനെ അനുസരിച്ചവർ മഹാനഷ്ടത്തിലകപ്പെടുക അനിവാര്യമാണെന്നാണ് സൂക്തസാരം.

**23:** വിശ്വാസികളുടേതിനും വിഗ്രഹാരാധകരുടേതിനും ഭിന്നമായി, സത്യത്തിൽ വിശ്വസിക്കുകയും ധർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരുടെ പര്യവസാനമാണിത്.

മൂലത്തിലെ أَخْـبَتُوٓا എന്ന വാക്ക് ഭയഭക്തിയോടെ വിനീതമായി വർത്തിക്കൽ, അനുസരണത്തോടെ വർത്തിക്കൽ, ആശയും പ്രതീക്ഷയും അർപ്പിച്ചു വർത്തിക്കൽ എന്നൊക്കെ അർഥമുള്ള أخبت ൽ നിന്നുള്ള ഭൂതകാല ബഹുവചന ക്രിയയാണ്. ഒരുവനിൽ പ്രതീക്ഷയർപ്പിച്ച് അവനോട് ഭയഭക്തിയോടെ, അനുസരണത്തോടെ പെരുമാറി എന്ന അർഥത്തിൽ أخبت إليه എന്നു പറയും. അല്ലാഹു അല്ലാത്ത രക്ഷകന്മാരെയെല്ലാം വെടിഞ്ഞ് അവനിൽ മാത്രം പ്രതീക്ഷയർപ്പിച്ച് അവനോട് മാത്രം ഭയഭക്തി പുലർത്തി, അവൻ അനുശാസിച്ച ധർമങ്ങൾ അനുസരിച്ചു ജീവിച്ചവർ എന്നാണ് ഇവിടെ ഈ വാക്കിന്റെ താൽപര്യം. അത്തരം ആളുകളാണ് മരണാനന്തരം നിത്യ സ്വർഗത്തിന്നവകാശികളായിത്തീരുക. ഒരിക്കൽ അതിൽ പ്രവേശിപ്പിക്കപ്പെടുന്നവർ പിന്നീടൊരിക്കലും അതിൽനിന്നു പുറത്താക്കപ്പെടുകയില്ല.

**24:** ചുറ്റുമുള്ള ദൈവിക ദൃഷ്ടാന്തങ്ങൾ കാണാതെ, സത്യപ്രബോധനത്തിനു ചെവികൊടുക്കാതെ ഭൗതിക സുഖങ്ങൾക്കു പിന്നാലെ ലക്കും ലഗാനുമില്ലാതെ പായുന്നവരുടെ ബുദ്ധിയുടെ കാത് ബധിരവും ഉൾകണ്ണ് അന്ധവുമാകുന്നു. അതിനാൽ അവർ ഈ ഖുർആൻ കേൾക്കുന്നില്ല. അതിന്റെ യാഥാർഥ്യം സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങൾ കാണുന്നുമില്ല. നേരെ മറിച്ചാണ് വിശ്വാസികളുടെ അവസ്ഥ. അവർ സത്യപ്രബോധനങ്ങൾക്കായി സ്വന്തം ചെവികൾ തുറന്നുവെച്ചവരും അല്ലാഹുവിന്റെ അടയാളങ്ങൾ കണ്ണുതുറന്നു കാണുന്നവരുമാണ്. അന്ധനും ബധിരനുമായ ഒരാളും കാഴ്ചയും കേൾവിയുമുള്ള മറ്റൊരാളും തമ്മിലുള്ള അന്തരമുണ്ട് ഈ രണ്ടു വിഭാഗങ്ങൾ തമ്മിൽ. ഖുർആനിക സന്ദേശങ്ങൾ സമ്പൂർണമായും ബുദ്ധിയിലും ഉൾക്കാഴ്ചയിലുമധിഷ്ഠിതമാകുന്നു. അല്ലാഹു ജന്മവാസനയായി അരുളിയിട്ടുള്ള സദ്ഗുണങ്ങളെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും സ്വന്തം ബുദ്ധിയുടെ കണ്ണും കാതും തുറന്നുവെക്കുകയും ചെയ്തവർക്കേ അതിൽ വിശ്വസിക്കാൻ കഴിയൂ.

**25,26:** ഇവിടം മുതൽ 99-ാം സൂക്തംവരെ പ്രവാചകന്മാരുടെയും അവർ പ്രബോധനം ചെയ്ത ജനതകളുടെയും കഥകൾ ചരിത്രക്രമത്തിൽ ഉദ്ധരിക്കുകയാണ്. രണ്ടു ലക്ഷ്യങ്ങളാണ് ഈ ചരിത്ര കഥനത്തിനുള്ളത്. ഒന്ന്, അന്ത്യ പ്രവാചകനെയും ശിഷ്യന്മാരെയും പിൽക്കാല ഇസ്‌ലാമിക പ്രബോധകരെയും ഇപ്രകാരം ഉണർത്തുക: സത്യപ്രബോധകരും സത്യനിഷേധികളും തമ്മിലുള്ള സമരം ഒരു പുതിയ കാര്യമല്ല. നിങ്ങൾ ഇന്നഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പുഛവും പരിഹാസവും മർദന പീഡനങ്ങളുമെല്ലാം പൂർവ പ്രവാചകന്മാരും അഭിമുഖീകരിച്ചിട്ടുള്ളതാണ്. പ്രവാചകന്മാരൊന്നും പൂമാലകളും പട്ടുപരവതാനികളുമായി സ്വീകരിക്കപ്പെട്ടിട്ടില്ല. എന്നും അസത്യത്തിന്റെയും അധർമത്തിന്റെയും രോഷാഗ്നിയിലേക്കാണവർ ഇറങ്ങിച്ചെന്നിട്ടുള്ളത്. ധർമ ധിക്കാരികളോട് കടുത്ത പോരാട്ടത്തിലേർപ്പെട്ട പ്രവാചകന്മാരിൽ ചിലർ വിജയം കണ്ടു, ചിലർ പരാജിതരായി. പ്രവാചകന്മാരുടെ പരാജയം പക്ഷേ, അവരുടെ പരാജയമായിരുന്നില്ല; അവരഭിമുഖീകരിച്ച ജനതകളുടെ പരാജയമായിരുന്നു. പ്രതിബന്ധങ്ങളെ ക്ഷമാപൂർവം തരണംചെയ്ത് നിശ്ചയദാർഢ്യത്തോടെ സ്വന്തം ഉത്തരവാദിത്വം നിർവഹിച്ചുവെങ്കിൽ ജനങ്ങൾ സ്വീകരിച്ചാലും ഇല്ലെങ്കിലും പ്രബോധകർ വിജയിച്ചിരിക്കുന്നു. അതിനാൽ പൂർവ പ്രവാചകന്മാരെ മാതൃകയാക്കി പ്രതികൂല സാഹചര്യങ്ങളെ അവർ നേരിട്ടതുപോലെ നേരിടാൻ തയാറാവുക.

രണ്ടാമത്തെ ലക്ഷ്യം പ്രതിയോഗികളെ ഇപ്രകാരം താക്കീതു ചെയ്യുകയാണ്: നിങ്ങൾ സ്വന്തം പ്രവാചകനോട് അല്ലെങ്കിൽ പ്രബോധകരോട് സ്വീകരിച്ചിട്ടുള്ള നിലപാട് തന്നെയാണ് പൂർവ സമുദായങ്ങൾ അവരുടെ പ്രവാചകന്മാരോടും സ്വീകരിച്ചിരു

ന്നത്. അവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് പരിശോധിച്ചുനോക്കുക. ഒരു നിശ്ചിത കാലം വരെ അല്ലാഹു അവർക്ക് സാവകാശം നൽകി. ആ സന്ദർഭം വീണ്ടുവിചാരം നടത്താനും സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങാനും ഉപയോഗപ്പെടുത്തിയവർ രക്ഷപ്പെട്ടു. സത്യനിഷേധത്തിലും ധർമധിക്കാരത്തിലും ശഠിച്ചു നിന്നവർ ശോചനീയമായ ദൈവശിക്ഷക്കിരയാവുകയും ചെയ്തു. ഇതേ സമീപനം തന്നെയാണ് അല്ലാഹു നിങ്ങളടക്കമുള്ള എല്ലാ സമൂഹങ്ങളോടും കൈക്കൊള്ളുക.

നൂഹ്(അ)ന്റെ കഥയാണ് ആദ്യം പറയുന്നത്. നാഗരിക ചരിത്രത്തിൽ ഏറ്റം പ്രാചീനനായ പ്രവാചകനാണ് നൂഹ്(അ). അദ്ദേഹത്തിനു മുമ്പും പ്രവാചകന്മാർ ഉണ്ടായിട്ടുണ്ട്. ഖുർആൻ പരാമർശിക്കുന്ന ഇദ്‌രീസ്(അ) പ്രവാചകൻ നൂഹിന്റെ മുൻഗാമിയാണെന്ന് പ്രബലമായ അഭിപ്രായമുണ്ട്. ബൈബിൾ നൂഹ്(അ)ന്റെ പിതൃപരമ്പര ആദമിൽ എത്തിക്കുന്നത് ഇങ്ങനെയാണ്: നൂഹ്–ലാമെക്ക്–മെഥൂശലഹ്–ഹാനോക്ക്–യാറദ്–മഹലേൽ–കേനാൻ–ഏനോശ്–ശേത്–ആദം. നൂഹ് നബിയുടെ പിതാക്കളെല്ലാം ആയിരത്തോളം സംവത്സരങ്ങൾ ജീവിച്ചുവെന്നും, ഓരോരുത്തർക്കും മുകളിൽ സൂചിപ്പിക്കപ്പെട്ട പുത്രന്മാരുണ്ടായത് നൂറുകണക്കിൽ പ്രായമായ ശേഷമാണെന്നും പ്രസ്താവമുണ്ട്. അതനുസരിച്ച് ആദം(അ) മരിച്ച് ഏതാണ്ട് രണ്ടായിരം വർഷത്തിനു ശേഷമായിരിക്കണം നൂഹ് നബിയുടെ കാലം.

സൂറ *യൂനുസ്* 71–73 സൂക്തങ്ങളിൽ നൂഹ് നബിയെ മൊത്തത്തിൽ പരാമർശിച്ചിട്ടുണ്ട്. ഏറക്കുറെ അതിന്റെ വിശദീകരണമാണ് ഇവിടെ പറയുന്നത്. തെളിഞ്ഞ, സുവ്യക്തമായ മുന്നറിയിപ്പുകാരൻ –نَذِيرٌ مُّبِينٌ– എന്ന വാക്കിന്റെ താൽപര്യം, പ്രവാചകൻ താക്കീതു ചെയ്യുന്ന വിപത്തുകളും ശിക്ഷകളും കേവലം ഊഹത്തെയോ അനുമാനത്തെയോ ആസ്പദമാക്കിയുള്ള സൂചനകളല്ലെന്നും, ഉറപ്പായ ജ്ഞാനത്തെ ആധാരമാക്കിയുള്ള ഖണ്ഡിതമായ കാര്യങ്ങളാണെന്നുമാകുന്നു. പ്രപഞ്ചനാഥനിൽ നിന്നുള്ള വെളിപാട് പ്രകാരമാണ് പ്രവാചകൻ സംസാരിക്കുന്നത്. കൂടാതെ ദൈവദൂതനെ തള്ളിപ്പറയുന്നതിനെത്തുടർന്ന് അനിവാര്യമായി നടപ്പിലാകേണ്ട ദൈവികചര്യ –സുന്നത്തുല്ലാഹി– യുമാണത്. ആവാസകേന്ദ്രത്തിനടുത്തുള്ള കുന്നിന്റെയോ മലയുടെയോ ഉച്ചിയിൽ ഒരു നിരീക്ഷകനെ നിശ്ചയിക്കുക അറേബ്യൻ ഗോത്രങ്ങളുടെ സമ്പ്രദായമായിരുന്നു. ഏതെങ്കിലും ദിശയിൽനിന്ന് ഗോത്രത്തിനുനേരെ ആക്രമണകാരികൾ വരുന്നതുകണ്ടാൽ ഈ നിരീക്ഷകൻ വസ്ത്രങ്ങളൂരി നഗ്നനായി നിന്നുകൊണ്ട് وا صباحاه (ആപത്തു വരുന്നേ) എന്നു വിളിച്ചുകൂവും. അതുകേട്ടാൾ ഗോത്രം മുഴുവൻ ആയുധമെടുത്ത് പ്രതിരോധ സജ്ജരായി പുറപ്പെടുന്നു. ഈ നിരീക്ഷകൻ نذير عريان (നഗ്നനായ മുന്നറിയിപ്പുകാരൻ) എന്നാണ് വിളിക്കപ്പെടുക. ഇതുപോലെ നഗ്നനല്ലെങ്കിലും സ്വജനത്തിനു നേരെ അടുത്തുവരുന്ന മഹാവിപത്ത് നേരിട്ട് കണ്ടിട്ടെന്നവണ്ണം മുന്നറിയിപ്പു നൽകുന്ന നിരീക്ഷകനാണ് ദൈവദൂതൻ. അതുകൊണ്ടാണ് ഖുർആൻ പ്രവാചകനെ نَذِيرٌ مُّبِينٌ എന്നു വിശേഷിപ്പിച്ചത്.

നൂഹ് നബിയുടെ സന്ദേശത്തിന്റെ പ്രാരംഭ ബിന്ദുവാണ് أَن لَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ. നൂഹ് നബിയുടെ മാത്രമല്ല എല്ലാ പ്രവാചകന്മാരുടെയും പ്രഥമവും പ്രധാനവുമായ സന്ദേശം ഇതുതന്നെയാണ്. *അന്നഹ്ൽ* 36–ാം സൂക്തത്തിൽ പ്രസ്താവിക്കുന്നു:

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟
ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُ ۚ
فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾

(എല്ലാ സമുദായത്തിലും നാം ദൈവദൂതനെ നിയോഗിച്ചിട്ടുണ്ടായിരുന്നു; അല്ലാഹുവിന് ഇബാദത്തു ചെയ്യുവിൻ, താഗൂത്തിന് ഇബാദത്ത് ചെയ്യുന്നത് വർജിക്കുവിൻ എന്ന സന്ദേശവുമായി. അവരിൽ ചിലർക്ക് അല്ലാഹു സന്മാർഗമരുളി, ചിലരെ ദുർമാർഗം കീഴടക്കിക്കളഞ്ഞു. ഭൂമിയിൽ സഞ്ചരിച്ചു നോക്കുവിൻ, സത്യത്തെ തള്ളിപ്പറഞ്ഞവരുടെ പരിണതി എന്തായിരുന്നുവെന്ന്?!) ഇബ്റാഹീം, ഹൂദ്, സ്വാലിഹ്, ശുഐബ്(അ) തുടങ്ങിയ പ്രവാചകന്മാരെല്ലാം പ്രഥമമായും പ്രധാനമായും പ്രബോധനം ചെയ്തത് يَـٰقَوۡمِ ٱعۡبُدُواْ ٱللَّهَ (എന്റെ ജനമേ, അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ) എന്നുതന്നെയായിരുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട്. ഈ സൂറയിലെ 2-ാം സൂക്തം മുഹമ്മദ് നബി(സ)യുടെയും പ്രഥമവും പ്രധാനവുമായ സന്ദേശം ഇതുതന്നെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇത്തരം സൂക്തങ്ങളിൽ ٱعۡبُدُواْ എന്ന് ഉപയോഗിച്ചിട്ടുള്ളത് കേവലമായ ആരാധനാകർമങ്ങൾക്കപ്പുറം ആ പദത്തിന്റെ വിധേയത്വം, അനുസരണം, ഭയഭക്തി, സമർപ്പണം മുതലായ അർഥങ്ങൾ കൂടി ഉദ്ദേശിച്ചുകൊണ്ടാണ്. തൊട്ടടുത്ത സൂക്തത്തിൽ വ്യക്തമാക്കപ്പെടുന്ന, ജനപ്രമാണികളുടെ എതിർപ്പിന്റെ ഊന്നൽ അവരുടെ മേധാവിത്വത്തിലും അധികാരത്തിലുമാണെന്നതിൽനിന്ന് ഇവിടെ ഉദ്ദേശിക്കുന്ന ഇബാദത്ത് പൂജാദികർമങ്ങൾ മാത്രമല്ലെന്ന് സ്പഷ്ടമാണ്. ഇതുതന്നെയായിരുന്നു ഖുറൈശികളുടെയും മുഖ്യപ്രശ്നം. മുഹമ്മദിനെ പിന്തുടർന്നാൽ സ്വേഛാനുസൃതമായ ജീവിതം അസാധ്യമാകുമെന്നും അറബികൾക്കിടയിൽ തങ്ങൾക്കുള്ള മേധാവിത്വവും വരേണ്യതയും നഷ്ടമാകുമെന്നും അവർ ഭയപ്പെട്ടു. നൂഹും മുഹമ്മദ് നബി(സ)യും അഭിമുഖീകരിച്ച സാഹചര്യങ്ങളുടെ ഈ സാദൃശ്യം, ഭൂതകാലത്തിന്റെ കണ്ണാടിയിലൂടെ തങ്ങളുടെ വർത്തമാനാവസ്ഥയുടെ വ്യക്തമായ ചിത്രം മനസ്സിലാക്കാൻ പ്രവാചകനെയും ശിഷ്യന്മാരെയും സഹായിക്കുന്നു. യഥാർഥത്തിൽ അതാണ് ചരിത്രത്തിന്റെ മൂല്യം. ചരിത്രത്തെ ഈ മൂല്യബോധത്തോടെ സമീപിക്കുന്നില്ലെങ്കിൽ അത് വെറും കഥാ പരമ്പരയോ ദിനസരിക്കുറിപ്പോ ആയിത്തീരുന്നു.

ഒരു നാളിന്റെ ശിക്ഷ എന്നാണ് عَذَابَ يَوۡمٍ ന്റെ അർഥം. ഒരു ശിക്ഷാദിനം എന്നാണ് ഉദ്ദേശ്യം. അത് ധർമലംഘകർ ഭൗതികലോകത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെടുന്ന ദിനമാകാം. പ്രവാചകസാന്നിധ്യമുള്ള ഒരു സമുദായം അദ്ദേഹത്തെ തെല്ലും അനുസരിക്കാതെ സത്യനിഷേധത്തിലും ധർമധിക്കാരത്തിലും അടിയുറച്ചു നിൽക്കുകയാണെങ്കിൽ ഒരുനാൾ അവർ ഉന്മൂലനം ചെയ്യപ്പെടുക എന്നത് അല്ലാഹുവിന്റെ നടപടിക്രമത്തിന്റെ ഭാഗമാണ്. സമൂഹത്തിൽ ഗണ്യമായ ഒരു വിഭാഗം പ്രവാചകനെ അംഗീകരിക്കുകയും ധർമശാസനകൾ അനുസരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ ഒന്നടങ്കം ഉന്മൂലനം ചെയ്യപ്പെടുകയില്ല. എങ്കിലും അവരിലെ സത്യനിഷേധികൾ ശിക്ഷിക്കപ്പെടും. അത് ചിലപ്പോൾ പരലോകത്തുവെച്ചായിരിക്കും. അവരെ സംബന്ധിച്ചേടത്തോളം ശിക്ഷാദിനം ഉയിർത്തെഴുന്നേൽപുനാളാണ്. ■